# കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/1850/2017 തീയതി:09-07-2018

വിഷയം:-വ്യവസായം- ഡി.പി പൂവൻതുരുത്ത് - മെ. വേമ്പനാട് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് - ഘടനാമാറ്റം - അനുവദിച്ച് - ഉത്തരവാകുന്നു.

സൂചന:-1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.

2) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.

3) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013

4) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.

5) ഈ ഓഫീസിലെ 07-07-92 ലെ ബി1-2934/92-ാം നമ്പർ നടപടിക്രമം.

6) ഈ ഓഫീസിലെ 07-02-07 ലെ ബി1/2934/92-ാം നമ്പർ നടപടിക്രമം.

7) ഈ ഓഫീസിലെ 03-06-09 ലെ ബി4/2934/92-ാം നമ്പർ നടപടിക്രമം.

8) Govt. Lr. No. 22841/F1/2013/ID dated 02-12-13.

9) ശ്രീ.മോഹൻദാസ് എം.എസ്., ശ്രീ. ഷജിത്ത് ജി നായർ, ശ്രീമതി വിദ്യാ ജി.എം., എന്നിവരുടെ 23-04-17 ലെ അപേക്ഷകൾ.

10) സർക്കാർ ഉത്തരവ് നമ്പർ ( ആർ.റ്റി) 732/2017/ഐ.ഡി തീയതി 24-05-2017.

11) 05-10-17 ലെ DILAC യോഗ തീരുമാനം.

12) ഈ ഓഫീസിലെ 21-11-17 ലെ ഇതേ നമ്പർ കത്ത്.

13) സർക്കുലർ നമ്പർ ഐ.ഡി5/1127/2013 തീയതി 14-05-18.

14) വ്യവസായ വാണിജ്യ ഡയറക്ടറുടെ 19-05-18 ലെ ഐ. ഡി2/23088/17-ാം നമ്പർ കത്ത്.

കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 489/1 ൽ പെട്ട 23 സെന്റ് സ്ഥലം സൂചന (5) പ്രകാരം ശ്രീമതി ജാൻസി മാത്യു, ചെറുപുഷ്പം ഹൗസ്, ചാന്നാനിക്കാട് - ന് ട്രസ്സ്, ഗേറ്റ്, ഗ്രിൽ എന്നിവയുടെ നിർമ്മാണത്തിനായി ചെറുപുഷ്പം ബിൽഡേഴ്സ് എന്ന പേരിൽ അനുവദിച്ചു നൽകിയിരുന്നു. സൂചന (6) പ്രകാരം ടി യൂണിറ്റും സ്ഥലവും ശ്രീ.മോഹൻദാസ്, മായാസദനം, കുമാരനല്ലൂർ, ശ്രീ.ഷജിത്ത് ജി നായർ, തുണ്ടിയിൽ ഹൗസ്, തിരുനക്കര എന്നിവർക്ക് മെ.വേമ്പനാട് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് എന്ന പേരിൽ ഗേറ്റ്, ഗ്രിൽ എന്നിവയുടേയും ആട്ടോ മൊബൈൽ ബോഡി നിർമ്മാണത്തിനായും ജനറൽ എഞ്ചിനീയറിംഗ് ജോബ് വർക്കിനുമായി അനുവദിച്ചു നൽകി.

സൂചന (7) പ്രകാരം യൂണിറ്റിന്റെ ആക്ടിവിറ്റി കെമിക്കലുകളുടേയും ഓർഗാനിക് ഫെർട്ടിലൈസറുകളുടേയും നിർമ്മാണമാക്കി മാറ്റി ഉത്തരവായിരുന്നു.

വ്യക്തിപരമായ കാരണങ്ങളാൽ സ്ഥാപനത്തിന്റെ പാർട്ട്ണർഷിപ്പിൽ നിന്നും 07-12-16 മുതൽ പിൻമാറുകയാണെന്ന് പാർട്ട്ണറായ ശ്രീ.മോഹൻദാസ് അറിയിച്ചു.

ശ്രീ.ഷജിത്ത് ജി നായർ 07-12-16 ലെ പാർട്ട്ണർഷിപ്പ് ഉടമ്പടി പ്രകാരം ശ്രീമതി വിദ്യ ജി.എം, ശ്രീനന്ദനം, കുമ്മനം, കോട്ടയം - 5 എന്നയാളെ ഉൾപ്പെടുത്തിക്കൊണ്ടും ശ്രീ.മോഹൻദാസ്, മായാസദനം, കുമാരനല്ലൂരിനെ വിടുതൽ ചെയ്തുകൊണ്ടും യൂണിറ്റിന്റെ ഘടനയിൽ മാറ്റം വരുത്തുകയും ആയത് അംഗീകരിച്ചു നൽകണമെന്നും അപേക്ഷിച്ചിരുന്നു. അപേക്ഷയോടൊപ്പം ആവശ്യമായ എല്ലാ രേഖകളും സമർപ്പിച്ചിരുന്നു. യൂണിറ്റിന്റെ പേരിൽ ആർ.ആർ നടപടികളോ MML/ESS/SIS കുടിശ്ശികയോ ഇല്ല.

Manager (RET)

മേൽ സാഹചര്യത്തിൽ യൂണിറ്റിന്റെ അപേക്ഷ 05-10-17 ലെ DILAC യിൽ പരിഗണിക്കുകയും വ്യവസായ വാണിജ്യ ഡയറക്ടർക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും, സൂചന (12) പ്രകാരം ശുപാർശ ചെയ്ത് അയയ്ക്കുകയും ചെയ്തു. സൂചന (13) പ്രകാരം ഡി.എ/ഡി.പി കളിൽ അസൈൻമെന്റ് ലഭിക്കാത്ത യൂണിറ്റുകളുടെ കൈമാറ്റം/ഘടനാമാറ്റം തുടങ്ങിയവയ്ക്ക് അംഗീകാരം നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

യൂണിറ്റ് ഇപ്പോഴത്തെ നിരക്ക് അനുസരിച്ചുള്ള സ്ഥലവില വ്യത്യാസവും സ്ഥലവിലയുടെ 10 % തുക പ്രോസസിംഗ് ഫീസും അടച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കും വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

കോട്ടയം ജില്ലയിൽ, പനച്ചിക്കാട് വില്ലേജിൽ, പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 489/1 ൽ പെട്ട മെ. വേമ്പനാട് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് എന്ന യൂണിറ്റിന്റെ പാർട്ട്ണർഷിപ്പിൽ നിന്നും സൂചനയിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീ.മോഹൻദാസ്, മായാസദനം, കുമാരനല്ലൂർ പി.ഒ., എന്നയാളെ വിടുതൽ ചെയ്തുകൊണ്ടും ശ്രീമതി വിദ്യാ ജി.എം, ശ്രീനന്ദനം, കുമ്മനം, കോട്ടയം -5 എന്നയാളെ ഉൾപ്പെടുത്തികൊണ്ടും ചുവടെ ചേർക്കുന്ന വ്യവസ്ഥകളോടെ ഘടനാമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

1) ശ്രീ.ഷജിത്ത് ജി നായർ, ശ്രീമതി വിദ്യാ ജി.എം എന്നിവർ സൂചനയിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകൾ പ്രകാരം സർക്കാരുമായി ഹയർ പർച്ചേസ് വ്യവസ്ഥയിൽ ഉടമ്പടി ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.
2) ഉത്തരവു തീയതി മുതൽ അടുത്ത 5 വർഷത്തിനുള്ളിൽ സ്ഥാപനത്തിന്റെ ആക്ടിവിറ്റി/കൈമാറ്റം/ഘടനാ മാറ്റം/പേര് മാറ്റം എന്നിവയ്ക്ക് അപേക്ഷിക്കുന്നതല്ല എന്ന സത്യവാങ്മൂലം പാർട്ട്ണേഴ്സ് സമർപ്പിക്കേണ്ടതാണ്.
3) എഗ്രിമെന്റ്, സത്യവാങ്മൂലം എന്നിവ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

ഈ ഓഫീസിലെ ഡി.എ/ഡി.പി കളിലെ അലോട്ട്മെന്റ് രജിസ്റ്ററിൽ ഇപ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തിയിരിക്കുന്നു.

ഒപ്പ്/-
ജനറൽ മാനേജർ

സ്വീകർത്താവ്:-

1) ശ്രീ. ഷജിത്ത് ജി നായർ, ശ്രീനന്ദനം, കുമ്മനം.,
2) ശ്രീമതി വിദ്യാ ജി.എം., ശ്രീനന്ദനം, കുമ്മനം, കോട്ടയം.
3) ശ്രീ.മോഹൻദാസ്, മായാസദനം, കുമാരനല്ലൂർ

പകർപ്പ്:-

1) വ്യവസായ വാണിജ്യ ഡയറക്ടർ,
   തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്
5) അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II
6) സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

മാനേജർ (ക്രഡിറ്റ്)

APR 09-07-18